# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3334 — 23.06.14 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ ബി.പി.എൽ-ലേയ്ക്ക് മാറ്റിയ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നും ബി.പി.എൽ.-ലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ എത്ര പേരിൽ നിന്നും ലഭിച്ചു ; | (എ) | 4331 അപേക്ഷകൾ ലഭിച്ചു. |
| (ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗത്തിനു പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗമാണ് നിലവിലുള്ളത്. കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടേണ്ടവരുടെ എണ്ണം പരിമിതമായതിനാൽ (15480040) ഏറ്റവും അർഹരായവരെ കണ്ടെത്തി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി മുൻഗണനാ മാനദണ്ഡങ്ങൾ പരിഷ്കരിച്ച നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ റേഷൻകാർഡ് വിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ട് പോയ സാഹചര്യത്തിൽ ബി.പി.എൽ. അപേക്ഷകളുടെ സാംഗത്യം പൂർണ്ണമായും നഷ്ടപ്പെട്ടു. പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി റേഷൻ കാർഡുകൾ വിതരണം നടത്തുകയും അവ സംബന്ധിച്ച പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015-ന്റെ ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിനു വിധേയമാണ്. |
| (സി) ഇതിൽ ബി.പി.എൽ.ലേയ്ക്ക് മാറ്റിയവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ ; | (സി) & | |
| (ഡി) അമ്പലപ്പുഴ താലൂക്കിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡുകൾ ലഭിച്ചു എന്ന് അറിയിക്കാമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ